# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1314  12.06.2014 ൽ മറുപടിക്ക്

## പുതുക്കിപ്പണിഞ്ഞ റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമൂലമുള്ള നാശനഷ്ടങ്ങൾ

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) പി. ഡബ്ല്യു. ഡി. റോഡുകൾ പുതുക്കി പണിയുന്ന ഉടനെ ബി.എസ്.എൻ.എൽ, വാട്ടർ അതോറിറ്റി, സ്വകാര്യ ഏജൻസികൾ എന്നിവയ്ക്കു വേണ്ടി വെട്ടിപ്പൊളിക്കുന്നതും അതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും അപകടങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇതു മൂലം ഒരു വർഷം ഉണ്ടാകുന്ന ശരാശരി നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) സി) റോഡ് കട്ടിംഗ് മൂലം റോഡിനുണ്ടാകുന്ന കേടുപാടുകൾ തീർക്കാൻ പൊതുമരാമത്ത് വകുപ്പ് കണക്കാക്കുന്ന തുക ബന്ധപ്പെട്ട യൂട്ടിലിറ്റി വകുപ്പ് ഡെപ്പോസിറ്റ് തുകയായി അടയ്ക്കേണ്ടതാണ്. റോഡുകൾ വെട്ടിപ്പൊളിക്കുന്ന ഏജൻസികളിൽ നിന്നും 2013-14 സാമ്പത്തിക വർഷത്തിൽ 14,16,59,246 രൂപ നഷ്ടപരിഹാരമായി ദേശീയപാത വിഭാഗത്തിന് ലഭിച്ചിട്ടുണ്ട്. പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വിഭാഗത്തിൽ ഈ ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടില്ല. |
| സി) റോഡുകൾ ഇപ്രകാരം വെട്ടിപ്പൊളിക്കുന്ന ഏജൻസികളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാറുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; കഴിഞ്ഞ ഒരു വർഷം എത്ര രൂപ ഇപ്രകാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | |
| ഡി) റോഡ് പണി തുടങ്ങുന്നതിന് മുമ്പ് ഇത്തരം പ്രവൃത്തികൾ ചെയ്യുന്നതിന് സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിനും ആയത് മോണിട്ടർ ചെയ്യുന്നതിനും ജനപ്രതിനിധികളും സ്ഥാപനപ്രതിനിധികളും അടങ്ങുന്ന വിജിലൻസ് സെല്ലുകൾ പി.ഡബ്ല്യൂ.ഡി. ഡിവിഷൻ തലത്തിൽ രൂപീകരിക്കുമോ; | ഡി) റോഡ് പണി തുടങ്ങുന്നതിനുമുൻപ് ബന്ധപ്പെട്ട കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നതിന് നിലവിൽ ജില്ലാ കളക്ടർമാരുടെ മേൽ നോട്ടത്തിൽ ജില്ലാ കോർഡിനേഷൻ കമ്മറ്റികളുണ്ട്. |

| | | | |
|---|---|---|---|
| ഇ) | പണി പൂർത്തിയാക്കിയാൽ ഒരു നിശ്ചിത കാലയളവിന് ശേഷം മാത്രമേ റോഡ് പൊളിക്കാൻ അനുവദിക്കുകയുള്ളു എന്ന രീതിയിൽ നടപടി സ്വീകരിക്കുമോ? | ഇ) | പണി പൂർത്തിയാക്കിയ റോഡുകൾ ഡിഫക്ട് ലയബിലിറ്റി പീരിയഡിൽ വെട്ടിപ്പൊളിക്കരുതെന്ന് നിർദ്ദേശവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ